സർക്കാർ ലോട്ടറികളുടെ പ്രചാരണം

240 (588) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ലോട്ടറിക്ക് പത്രമാധ്യമങ്ങളിലൂടെയും ചാനലുകളിലൂടെയുമുള്ള പരസ്യങ്ങൾ നൽകുന്നത് നിർത്തലാക്കിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ ലോട്ടറികളുടെ വിപണനത്തിൽ പരസ്യം നൽകുന്ന സ്വാധീനം ഫലപ്രദമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ ;

(സി) സർക്കാർ ലോട്ടറികളുടെ വിപണനത്തിൽ ഉണ്ടാകുന്ന കുറവ് സ്വകാര്യ, ഓൺലൈൻ ലോട്ടറികളെയും ഒറ്റനമ്പർ ലോട്ടറി വിഭാഗത്തിനും സഹായകരമാകും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സർക്കാർ ലോട്ടറികളുടെ പ്രചാരണത്തിനായി കൂടുതലായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാന ഭാഗ്യക്കുറിക്ക് പത്രമാധ്യമങ്ങളിലൂടെയും ചാനലുകളിലൂടെയുമുള്ള പരസ്യങ്ങൾ നൽകുന്നത് നിർത്തലാക്കിയിട്ടില്ല.

(ബി) ഉണ്ട്.

(സി) സംസ്ഥാന ലോട്ടറികളുടെ വിപണനത്തിൽ കുറവുണ്ടായിട്ടില്ല. നിലവിൽ സംസ്ഥാനത്ത് സ്വകാര്യ, ഓൺലൈൻ ലോട്ടറികളും ഒറ്റനമ്പർ ലോട്ടറികളും പ്രവർത്തിക്കുന്നില്ല.

(ഡി) സംസ്ഥാന ഭാഗ്യക്കുറികളുടെ പ്രചരണത്തിനായി ഒരു പരസ്യ നയം രൂപീകരിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അച്ചടി ദൃശ്യ, ശ്രാവ്യ, നവ മാധ്യമങ്ങൾക്ക് പരസ്യങ്ങൾ നൽകിവരുന്നുണ്ട്. ഭാഗ്യക്കുറി ടിക്കറ്റിന്റെ വില്പനയുടെ അടിസ്ഥാനത്തിൽ ആവശ്യംവരുന്ന പക്ഷം അതാത് സമയങ്ങളിൽ കൂടുതൽ പ്രചരണ പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly